## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30.11.2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 852

പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്തവർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീ. എ. കെ. ബാലൻ (പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്തവർ എന്ന വിഭാഗത്തെ പ്രത്യേകം ജാതിയായി വ്യാഖ്യാനിയ്ക്കുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തം ജാതിപ്പേരായ ചേരമർ, സാംബവർ, പുലയർ, സിദ്ധനർ (കുറവർ) കൂടെ ചേർത്ത് നൽകാൻ തയാറാകുമോ; | (എ) | പട്ടികജാതിയിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം നടത്തിയവർക്ക് പട്ടികജാതി യിൽ നിന്ന് പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ (Sheduled Caste Converted to Christianity) എന്നാണ് ഔദ്യോഗിക രേഖകളിലും ഉത്തരവുകളിലും ചട്ടങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളത്. സ്വന്തം ജാതിപ്പേര് സർട്ടിഫിക്കറ്റുകളിൽ ചേർത്ത് നൽകുന്നതിന് സാധിക്കില്ല . |
| ബി) | 'പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്തവർ'എന്ന ജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ നൽകുന്നത് തെറ്റായതിനാൽ പി.എസ്.സി. അംഗീകരിയ്ക്കുന്നില്ല എന്നത് അറിയാമോ; പ്രസ്തുത പ്രശ്നം പരിഹരിയ്ക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്? | (ബി) | ഔദ്യോഗിക രേഖകളിലും സർക്കാർ ചട്ടങ്ങളിലും പട്ടികജാതിയിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തവരെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അത്തരം സർട്ടിഫിക്കറ്റുകൾ പി എസ് സി നിരസിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല . |

Bindu.T

സെക്ഷൻ ഓഫീസർ